വ്യത്യാസം ക്രമീകരിക്കുന്നു. വ്യത്യാസം സംബന്ധിച്ച ഏകീകൃതകണക്കുകൾ സർക്കാർ സൂക്ഷിക്കാറില്ല.

5 (1737) എൻ.ആർ.ഐ. നിക്ഷേപം ഉപയോഗിച്ച് ബാങ്ക്

ശ്രീ. കെ. ബാബു :

ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.ആർ.ഐ. നിക്ഷേപം ഉപയോഗിച്ച് ബാങ്ക് ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ)&(ബി)പരിഗണനയിൽ ഇല്ല.

6 (1738) ശബള പരിഷ്ക്കരണത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ കമ്മിറ്റി

ശ്രീ. ജോർജ്ജ് ജോസഫ് :

ശ്രീ. പി.സി. ജോർജ്ജ് :

ശ്രീ. ആന്റണി രാജു :

ശ്രീ. ടി.എസ്. ജോൺ :

ഡോ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിശോധിക്കുന്നതിന് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ? എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കമ്മിറ്റിയുടെ പരിധിയിൽ വരുന്ന കാര്യങ്ങൾ എന്തൊക്കെയാണ്;

(സി) എന്നാണ് ഈ കമ്മിറ്റി രൂപീകൃതമായത് കമ്മിറ്റിയുടെ ഇതുവരെയുള്ള പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ശമ്പള സ്കെയിലുകളിൽ മാറ്റം വരുത്തുന്നതുൾപ്പെടെയുള്ള പരാതികളിൻമേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശമ്പള പരിഷ്ക്കരണാനന്തരപരാതികളും പൊരുത്തക്കേടുകളും പരിശോധിക്കുന്നതിന് ചീഫ്സെക്രട്ടറി അദ്ധ്യക്ഷനും, ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർ അംഗങ്ങളുമായി ഒരു എംപവേർഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ബി) പരിഷ്ക്കരണാനന്തര പരാതികളും പൊരുത്തക്കേടുകളും പരിശോധിക്കുക എന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 14.12.1998-ലെ ജി.ഒ.(എം.എസ്.) 3106/98/ധന.നംപർ ഉത്തരവ് പ്രകാരമാണ് കമ്മിറ്റി നിലവിൽ വന്നത്. കമ്മിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്.

(ഡി) കമ്മിറ്റി കുറെ ശുപാർശകൾ നൽകിയിട്ടുണ്ട്. സർക്കാർ അതിൻമേൽ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. സമയബന്ധിതമായി തന്നെ തീരുമാനങ്ങളെടുക്കുന്നതാണ്.

7 (1739) സംസ്ഥാനത്തിന്റെ റവന്യൂ കമ്മി

ശ്രീ. ആര്യാടൻ മുഹമ്മദ് :

ശ്രീ. പി.പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1991 മാർച്ച് 31-ന് സംസ്ഥാനത്തിന്റെ റവന്യൂ കമ്മി എത്രയായിരുന്നു.

(ബി) ഇപ്പോൾ സംസ്ഥാനത്തിന്റെ റവന്യൂ കമ്മി എത്രയാണ്.

(സി) റവന്യൂ കമ്മി വർദ്ധിക്കുവാനുള്ള കാരണമെന്തെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) 422.03 കോടി രൂപ.

(ബി) 1998 മാർച്ച് വരെയുള്ള കണക്കുകളാണ് അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭിച്ചിട്ടുള്ളത്. ഇതിൻ പ്രകാരം കമ്മി 1122.91 കോടി രൂപയാണ്.

(സി) പൊതുവായ ദേശീയ സാമ്പത്തിക മാന്ദ്യം മൂലം റവന്യൂ വരുമാനത്തിലുണ്ടായ കുറവും. ശമ്പള വർദ്ധനവിനു മുന്നോടിയായി ജീവനക്കാർക്കും. പെൻഷൻകാർക്കും നൽകിയ ഇടക്കാലാശ്വാസം തുടങ്ങിയ ചെലവും റവന്യൂ കമ്മി വർദ്ധിക്കുവാനിടയായ കാരണങ്ങളാണ്. കൂടാതെ ത്രിതല പഞ്ചായത്തുകളുടെ ആവിർഭാവത്തോടുകൂടി നേരത്തെ മൂലധന ചെലവിനങ്ങളായി അക്കൗണ്ട് ചെയ്തിരുന്ന ചെലവുകൾ ഇപ്പോൾ റവന്യൂ ചെലവായി അക്കൗണ്ട് ചെയ്യുന്നതും റവന്യൂ കമ്മി വർദ്ധിക്കാൻ ഇടയായി.

8 (1740) പെൻഷൻ വാങ്ങുന്നവരുടെ വിഷമതകൾ

ശ്രീ. നാലകത്ത് സൂപ്പി :

ശ്രീ. സി.ടി. അഹമ്മദ് അലി :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. കെ. കുട്ടിഅഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) സംസ്ഥാനത്ത് പെൻഷൻ ട്രഷറികളിൽ നിന്നും നേരിട്ട് പെൻഷൻ വാങ്ങുന്നവർക്ക് അനുഭവപ്പെടുന്ന വിഷമതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പെൻഷൻ നൽകാൻ നിശ്ചയിച്ചിരിക്കുന്ന ദിവസങ്ങളിൽ അതു വാങ്ങാനായി വരുന്ന ആളുകളുടെ എണ്ണത്തിന് അനുസരിച്ച് പെൻഷൻ വിതരണ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly